Figure 4: **Right Skewed Distribution**



ച്ചേരാനുള്ള സാധ്യത 50 ശതമാനമാണ് (ശരാശരി), അതേസമയം 25 മിനിറ്റിനുള്ളിൽ എത്താനുള്ള സാധ്യത 95 ശതമാനവും.

ഒരു റൈറ്റ് സ്ക്യൂവ്ഡ് ഡിസ്ട്രിബ്യൂഷനിൽ ഒരു ടാക്സ് പൂർത്തിയാക്കാൻ മിനിമം (5 മിനിറ്റ്) സമയമുണ്ട്. ജോലി ഒരിക്കലും അതിൽ കുറഞ്ഞ സമയത്തിനുള്ളിൽ തീർക്കാനാവില്ല.

ഇവിടെ ഡിസ്ട്രിബ്യൂഷൻ അനുരൂപമല്ല (Symmetric), ഡിസ്ട്രിബ്യൂഷന്റെ വാല് ഇടതുവശത്തെ അപേക്ഷിച്ച് വലതുവശത്ത് വളരെ ദൈർഘ്യമുള്ളതായിരിക്കും. അതായത് ഡിസ്ട്രിബ്യൂഷന്റെ ആവറേജ് (10 മിനിറ്റ്) മാക്സിമം റിക്വയേർഡ് സമയത്തെ (25+ മിനിറ്റ്) അപേക്ഷിച്ച് മിനിമം റിക്വയേർഡ് സമയത്തോട് (5 മിനിറ്റ്) കൂടുതൽ അടുത്തിരിക്കും. ഇത്തരമൊരു ഡേറ്റയുടെ അടിസ്ഥാനത്തിൽ റെയിൽവേ സ്റ്റേഷനിലെത്താൻ എത്ര സമയം വേണമെന്നാണ് നിങ്ങൾ പറയുക?

സമയബന്ധിതമാകാൻ പിഴയുമാകാം

മിക്ക ആളുകളും പറയുക 10 മിനിറ്റ് എന്നായിരിക്കും, കാരണം നമ്മുടെ വ്യക്തി ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സാഹചര്യമാണ്, വൈകുന്നതിന് പെനാൽറ്റി ഒന്നുമില്ല. എന്നാലും റെയിൽവേ സ്റ്റേഷനിലേക്ക് എത്താനുള്ള സമയം കണക്കാക്കണമെന്നുണ്ടെങ്കിൽ ആദ്യം പിക്ക് ചെയ്യാൻ പോകുന്ന വ്യക്തി ഏതു രീതിയിലുള്ളയാളാണെന്ന് അറിയണം. ഈ സമയത്ത് ഫിഗർ 5 ൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പ്രാധാന്യമുള്ളതാണ്.

Figure 5: **Right Skewed Distribution - Various Time Estimation**



ഉദാഹരണത്തിന് നിങ്ങളുടെ ഒരു സുഹൃത്തിനെയാണ് പിക്ക് ചെയ്യാൻ പോവുന്നതെന്ന് വിചാരിക്കുക. നിങ്ങൾ സാധാരണ കണക്കാക്കുന്നത് സ്റ്റേഷൻ വരെ എത്താൻ വെറും അഞ്ച് മിനിറ്റ് മതിയെന്നാകും, കാരണം നിങ്ങൾ അൽപ്പം വൈകിയാലും പ്രത്യേകിച്ച് കുഴപ്പമൊന്നും സംഭവിക്കില്ല.

ഇനി നിങ്ങളുടെ അച്ഛനമ്മമാരെ പിക്ക് ചെയ്യാനാണെങ്കിൽ നിങ്ങൾ ഒരു പത്തു മിനിറ്റ് കണക്കാക്കാനാണ് സാധ്യത. കാരണം കൃത്യസമയത്തിനുള്ളിൽ അവിടെ എത്തണമെന്നു നിങ്ങൾ വിചാരിക്കുന്നു. അവരെ റെയിൽവേ സ്റ്റേഷനു മുന്നിൽ കൂടുതൽ നേരം നിർത്താൻ നിങ്ങൾ ഒരിക്കലും ആഗ്രഹിക്കുന്നില്ല.

അതേ സമയം നിങ്ങളുടെ ഭാവി അമ്മായി അപ്പനെയോ അമ്മായി അമ്മയെയോ ആണെങ്കിൽ മിക്കവരും ഒരു 25 മിനിറ്റെങ്കിലും റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരാൻ വേണ്ടി വരുമെന്ന് കണക്കാക്കുന്നു. കാരണം വൈകാനുള്ള ഒരു സാധ്യതയും ഉണ്ടാകരുതെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു.

മുകളിൽ കാണുന്നതു പോലെ, ഒരു ജോലി വൈകുന്നതിന് പിഴ ഈടാക്കുകയാണെങ്കിൽ, ആളുകൾ തരുന്ന ടൈം എസ്റ്റിമേറ്റ് കൂടുതൽ കൃത്യതയാർന്നതായിരിക്കും. 95 ശതമാനവും ആ ജോലി ചെയ്തു തീർക്കാൻ അവർക്ക് സാധിക്കുമെന്നുറപ്പുള്ള ഒരു ടൈം എസ്റ്റിമേറ്റ് ആയിരിക്കുമിത്. അല്ലാതെ ആവറേജ് ടൈം എസ്റ്റിമേറ്റ് ആയിരിക്കില്ല. ഉദാഹരണത്തിന് (പിഴ ഈടാക്കുന്ന സാഹചര്യത്തിൽ) ഒരാൾക്ക് ഒരു ജോലി ചെയ്തു തീർക്കാൻ 25 മിനിറ്റ് വേണമെന്ന് പറഞ്ഞാൽ ആ സമയത്തിനുള്ളിൽ അത് ചെയ്തു തീരുമെന്ന് 95 ശതമാനവും ഉറപ്പായിരിക്കും. മറ്റ് സാഹചര്യങ്ങളിൽ, 10 മിനിറ്റ് എന്ന ടൈം എസ്റ്റിമേറ്റ് ആയിരിക്കും അയാൾ തരിക. ഈ സമയത്തിനുള്ളിൽ ജോലി ചെയ്തു തീർക്കാമെന്ന് 50 ശതമാനം ഉറപ്പ് മാത്രമേ അയാൾക്കുണ്ടാവൂ.

അടുത്ത ലക്കത്തിൽ പ്രോജക്ട് ഓറിയന്റഡ് ബിസിനസുകളുമായി ബന്ധപ്പെട്ട ഈ പ്രശ്നങ്ങൾ കൂടുതൽ വിശദമായി ചർച്ച ചെയ്യാം. ■

ഇന്ത്യയിലും ജി.സി.സി രാജ്യങ്ങളിലുമായി സ്ഥാപിതമായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ.

ടിനി IIM (L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com

BIG
Discounts on
Classifieds
Classifieds
വനിതകൾക്ക് വെല്ലുവിളികൾക്കിടയിലും അവസരങ്ങൾ

To advertise Call: 0484-2315840, 2316494

Ernakulam:
Mr. Mohanakumar-9061480718,
Mr. Satheesh Kumar-9072570055

Trivandrum & Kollam:
Mr. Arun Thampi R - 9744443400

Thrissur: Mr. Muraleedharan - 9072570053

Malappuram & Palakkad: Mr. Mohandas - 9072570058

Kozhikode: Mr. Vinaya Kumar - 9072570059

Kannur, Kasaragod & Wayanad:
Mr. Mangalesh - 9072570057

Kottayam, Idukki & Pathanamthitta:
Mr. Rajendran - 9446672092

	Single Insertion		3+ insertions	6+ insertions	12+ insertions	20+ insertions
Size	Regular Rate	Offer Rate	Offer Rate	Offer Rate	Offer Rate	Offer Rate
3x1 col	₹2700	₹1500	₹1350	₹1200	₹1050	₹900
5x1 col	₹4500	₹2500	₹2250	₹2000	₹1750	₹1500
5x2 col	₹9000	₹5000	₹4500	₹4000	₹3500	₹3000
10x2col	₹18000	₹10000	₹9000	₹8000	₹7000	₹6000

Dhanam Publications Pvt. Ltd.
Kadavanthra, Cochin-682 020,
Phone: 0484-2315840, 2316494
E-mail: mail@dhanam.in, advertise@dhanam.in
Website: www.dhanamonline.com